
2



# ചട്ടമ്പിസ്വാമി പഠനങ്ങൾ

എഡിറ്റർ
ഡോ. എ എം ഉണ്ണിക്കൃഷ്ണൻ

Volume 2

MALAYALAM LANGUAGE
Chattampiswami Patanangal (3 Vols.)

STUDY
*Edited by* Dr. A. M. Unnikrishnan

Rights Reserved
First Published September 2021

PUBLISHERS
P. K. Parameswaran Nair Smaraka Trust, Thiruvananthapuram,
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Chattampiswami patanangal
3V., 2792p., 21cm.
ISBN 978-93-5432-836-7
Editor: A. M. Unnikrishnan
1. Malayalam Literature. 2. Study. 1. Unnikrishnan A. M.
894.812.09—dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5432-836-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

461/21-22-Sl.No. 21938-dcb 7834-800-87676-09-21 hn 60-p na-r(t) ds-d(t) hm

## 8. ഭാഷാശാസ്ത്രവിജ്ഞാനീയം

ആദിദ്രാവിഡത്തിൽനിന്നു സംസ്കൃതത്തിലേക്ക് 1315
ഡോ. പൂജപ്പുര കൃഷ്ണൻനായർ

പ്രാകൃതം-നാഗഭാഷ -സാഹിത്യഭാഷാചരിത്രത്തിന്റെ ആർക്കിയോളജി 1341
ഡോ. സുവർണ്ണ നാലപ്പാട്ട്

ഭാഷാദർശനം 1357
ഡോ. ആർ വി എം ദിവാകരൻ

'ആദിഭാഷ'യുടെ ഭാരതീയപഠനസാധ്യത 1375
ഡോ. പി ശ്രീകുമാർ

നാമപഠനങ്ങൾ 1383
ഡോ. സെയ്തലവി സി.

വൈയാകരണൻ 1390
രോഹിണി എ എം.

## 9. ഭാഷാവിജ്ഞാനീയം

വൈജ്ഞാനികമലയാളപ്രതിഷ്ഠ 1407
ഡോ. നിത്യ പി വിശ്വം

ശാസ്ത്രീയതയും വൈജ്ഞാനികമലയാളവും 1420
ഡോ. ടി ജിതേഷ്

മലയാളത്തിന്റെ വൈജ്ഞാനികപദവിസ്ഥാപനം 1429
അജീഷ് ജി ദത്തൻ

ഗദ്യകാരൻ 1439
ഡോ. എം ജൽസ

ദേശനാമങ്ങൾ 1464
ഡോ. കെ എം പ്രിയദർശൻലാൽ

സ്ഥലനാമപഠനം 1479
ഡോ. വിളക്കുടി രാജേന്ദ്രൻ

# നാമപഠനങ്ങൾ

ഡോ. സെയ്തലവി സി.

പഴയ സദ്ഗുരുമാസികയിൽ അഗസ്ത്യൻ എന്ന പേരിൽ ചട്ടമ്പിസ്വാമികളുടേതായി പ്രസിദ്ധീകരിച്ച (മഹേശ്വരൻനായർ 808, 818) നാമപഠനങ്ങളിലെ ഭാഷാശാസ്ത്രയുക്തികൾ പരിശോധിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. കേരളത്തിലെ ദേശനാമങ്ങൾ (അതേ പു: 803-07), കേരളത്തിലെ സ്ഥലനാമങ്ങൾ (അതേ പു: 810-18) എന്നീ ലേഖനങ്ങളെയാണ് വിശകലനത്തിന് അടിസ്ഥാനമാക്കുന്നത്.

## ദേശനാമപഠനം

പ്രാചീനകാലത്തെ സാമൂഹിക-സാംസ്കാരികജീവിതത്തിന്റെയും രാഷ്ട്രീയ-സാമ്പത്തികഘടനകളുടെയും വാണിജ്യബന്ധങ്ങളുടെയുമൊക്കെ അടയാളങ്ങൾ വഹിക്കുന്നവയെന്ന നിലയിൽ സ്ഥലനാമപഠനം വിവിധ വിജ്ഞാനശാഖകളിൽ ഒഴിച്ചുകൂടാനാവാത്തതാണ്. സംസ്കാരത്തിന്റെ അംശങ്ങളിലൊന്നെന്ന നിലയിൽ കുടിയേറ്റം, അധിവാസം, ഗോത്രഘടന, ഉത്പാദനം ഇങ്ങനെയുള്ളവ ചികയാനും സ്ഥലനാമപഠനം ഉപകരിക്കുന്നു. ഭാഷാചരിത്രവഴികൾ തെളിയിക്കാനുതകുന്ന സവിശേഷതകൾ സ്ഥലനാമങ്ങളിൽ പതിഞ്ഞുകിടപ്പുണ്ട് എന്നതു ഭാഷാശാസ്ത്രജ്ഞരെയും സ്ഥലനാമപഠനങ്ങളിലേക്ക് ആകർഷിക്കുന്നു.

സ്ഥലനാമപഠനത്തിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. അഷ്ടാധ്യായി മുതൽ തന്നെ സ്ഥലനാമവിശകലനമാതൃക ഉണ്ടായിരുന്നെങ്കിലും ഈ മേഖലയിലെ പഠനങ്ങൾ പിന്നീട് സജീവമാകുന്നത് പാശ്ചാത്യലോകത്താണ്. അഷ്ടാധ്യായിയിൽ പാണിനി സ്വീകരിച്ച സ്ഥലനാമപഠനസമീപനം ഇന്ത്യയുടെ പൗരാണികചരിത്രരചനയിൽ നിർണായകമാണെന്ന വി എസ് അഗ്രവാല (1943:10) ചൂണ്ടിക്കാട്ടുന്നു. നൈരുക്തികസമീപനത്തിനപ്പുറമെ പദാന്തശബ്ദങ്ങളുടെ അപഗ്രഥനം കൂടി ദേശനാമവിശകലനത്തിനായി പാണിനി സ്വീകരിച്ചതായി സാക്ഷ്യപ്പെടുത്തുന്നുണ്ട് അദ്ദേഹം.

സ്ഥലനാമപഠനങ്ങൾക്ക് പാശ്ചാത്യലോകത്ത് ശാസ്ത്രീയാടിത്തറ കൈവന്നത് പത്തൊമ്പതാംനൂറ്റാണ്ടോടെയാണ് (ഉദാസ്മെയ്താ 2017). പാശ്ചാത്യപഠനങ്ങളിൽ ബ്രാഡ്‌ലിയുടെയും (1879) എക്വാലിന്റെയും (1936) മക്ഡൊണാൾഡിന്റെയും (1941) സമീപനങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. നിരുക്തിയിൽമാത്രമൂന്നിയവയാണ് ഈ പഠനങ്ങൾ. പഴയകാലത്തെ സ്ഥലവിന്യാസത്തെക്കൂടി പരിഗണിച്ചില്ലെങ്കിൽ തെറ്റായ നിഗമനങ്ങളിലെത്തുമെന്നുകൂടി ബ്രാഡ്‌ലി പറഞ്ഞുവച്ചു. ഭാഷാപരിണാമതത്ത്വങ്ങളിലൂന്നി നിലവിലുള്ള സ്ഥലനാമങ്ങളുടെ പ്രാഗ്രൂപം കണ്ടെത്തുകയും അതുവഴി

നിരുക്തിയിൽ തീർപ്പുകല്പിക്കുകയും ചെയ്യുക എന്നതായിരുന്നു എക്വാൽ (1936) സ്വീകരിച്ച സമീപനം. നാമങ്ങളിൽ തെളിയുന്ന ആവാസസൂചകങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലനാമവർഗീകരണം നടത്തുവാനും അദ്ദേഹം ശ്രമിച്ചു. സ്ഥലനാമസമീപനങ്ങളിലുണ്ടായ പുരോഗതിയെത്തുടർന്നാണ 1923ൽ ബ്രിട്ടനിൽ സ്ഥലനാമപഠനസൊസൈറ്റി രൂപവത്കരിച്ചത്. ഇതേ ചുവടുപിടിച്ചു സ്വീഡൻ, ജർമനി, നോർവെ, അമേരിക്ക തുടങ്ങി മിക്കപാശ്ചാത്യരാജ്യങ്ങളിലും സ്ഥലനാമഗവേഷണത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്ന അക്കാദമികക്കൂട്ടായ്മകൾ നിലവിൽവന്നു (ഉറാസ്മെതോവ: 2017).

നാമവിജ്ഞാനം (onomastic) എന്ന വിശാലമേഖലയ്ക്കുള്ളിലെ അനേകം ശാഖകളിലൊന്നാണെങ്കിലും കൂട്ടത്തിൽ സ്ഥലനാമവിജ്ഞാനത്തിനാണ കൂടുതൽ വ്യാപ്തിലഭിച്ചത്. ഭാഷാശാസ്ത്രജ്ഞർക്കുപുറമെ ചരിത്രകാരന്മാരും ഭൂമിശാസ്ത്രജ്ഞരും സമൂഹശാസ്ത്രജ്ഞരും പുരാരേഖാവിദഗ്ധരുമൊക്കെ സ്ഥലനാമപഠനത്തിൽ വ്യാപൃതരായത് ഇതിനു സഹായകമായി. പാരിസ്ഥിതികം, സാമൂഹികം എന്നീ രണ്ടുഘടകങ്ങളിലൂന്നിയുള്ള നൈരുക്തികപഠനങ്ങളായിരുന്നു ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നടന്നവയിൽ മിക്കതും. നിരുക്തിയുറപ്പിക്കാൻ സ്വനിമ-രൂപിമ-ആർത്ഥിക-നാമവിജ്ഞാനീയമാനദണ്ഡങ്ങൾകൂടി പരിഗണിക്കുന്നതായിരുന്നു പൊതുരീതി. സ്ഥലനാമവർഗീകരണത്തിൽ ശാസ്ത്രീയത കൈവരിക്കാനുള്ള ശ്രമങ്ങളിലാണ പ്രസ്തുതനൂറ്റാണ്ടിന്റെ രണ്ടാംപാദം മുതലുള്ള സ്ഥലനാമപഠനങ്ങളിലേറെയും ശ്രദ്ധയൂന്നിയതെന്നു കാണാം. പക്ഷേ സ്വീകരിച്ച മാനദണ്ഡങ്ങളിലെ തോതനുസരിച്ച് അത്തരം ആത്മനിഷ്ഠമായ വർഗീകരണങ്ങളിൽ വൈപുല്യവും വൈവിധ്യവും ഏറിയും കുറഞ്ഞും കാണപ്പെട്ടു.

മേല്പറഞ്ഞ പ്രവണതകളെല്ലാം ഇന്ത്യൻസാഹചര്യത്തിൽ നടന്ന പഠനങ്ങളിലും ദൃശ്യമായിരുന്നു. ശ്രദ്ധേയമായ നിരവധിപഠനങ്ങൾ ഈ രംഗത്ത് ഇന്ത്യയിലുണ്ടായിട്ടുണ്ട്. ബ്രാൻഫിൽ (1879) തഞ്ചാവൂരിലെ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുനടത്തിയ പഠനം പിൽക്കാലഗവേഷകർക്ക് ഏറെ പ്രചോദനംനല്കി. ഭാഷാശാസ്ത്ര ഉൾക്കാഴ്ചയോടെ നടത്തിയ നിരുക്തപഠനമെന്നനിലയിൽ അതു പില്ക്കാലനാമപഠനങ്ങളുടെ ഗതിനിർണയിച്ചു (ദാസു: 2009). സേതുപ്പിള്ളയുടെ ദക്ഷിണേന്ത്യൻസ്ഥലനാമപഠനം, സങ്കാലിയയുടെ ഗുജറാത്തിദേശനാമപഠനം, ധാർവാഡ്, ബീജാപൂർ, ബെൽഗാം എന്നീ കന്നഡദേശങ്ങൾ കേന്ദ്രീകരിച്ചു ഹിർമത്ത് നടത്തിയ പഠനം എന്നിവ പിന്നീടുണ്ടായ പഠനങ്ങളുടെ കൂട്ടത്തിൽ എടുത്തുപറയേണ്ടവയാണെന്നു ദാസു (2009) അഭിപ്രായപ്പെടുന്നു. ചരിത്രതാത്പര്യം മുൻനിർത്തി മൗര്യ, ഗുപ്തസാമ്രാജ്യകാലത്തെയും മറ്റും പൗരാണികസ്ഥലനാമങ്ങളുടെ നിരുക്തിയന്വേഷിക്കാനും ശ്രമങ്ങൾ നടന്നിട്ടുണ്ട്. നന്ദലാൽ ദേവ്, ഡി സി സർക്കാർ, ടി ആർ ശർമ മുതലായവർ ഈ രംഗത്തു നിലകൊണ്ടവരാണ്. നാട്ടുനിരുക്തി (Folk etymology) അന്വേഷിച്ചവരായിരുന്നു മറ്റൊരു കൂട്ടർ. മഹേന്ദലെ, മാസ്തി

വെങ്കടേഷ് അയ്യങ്കാർ എന്നിവരുടെ സമീപനങ്ങൾ ഈ ഗണത്തിൽപ്പെടു ത്താം.

മലയാളത്തിലും സ്വതന്ത്രമായും ഇതരവൈജ്ഞാനികഗവേഷണങ്ങ ളുടെ ഭാഗമായും സ്ഥലനാമങ്ങളുടെ നിരുക്തി ആഴത്തിലന്വേഷിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. കാൽഡ്വൽ മലയാളത്തിലെ ചില ദേശനാമങ്ങളെ നൈരുക്തികമായി വിവരിച്ചിട്ടുണ്ട്. ഏറെക്കുറെ സമാനപാത തന്നെയാണു ഗുണ്ടർട്ടും പിന്തുടർന്നത്. മലബാർ, കേരളം, മലയാളം തുടങ്ങിയ നാമങ്ങളു ടെ നിരുക്തി വിവിധപണ്ഡിതർ വ്യത്യസ്തവീക്ഷണകോണിലൂടെ അടയാള പ്പെടുത്തിയതായിക്കാണാം. ചട്ടമ്പിസ്വാമികൾക്കുതൊട്ടുമുൻപുള്ള ശ്രദ്ധേ യമായ സ്ഥലനാമപഠനങ്ങളിലൊന്നു കെ പി പത്മനാഭമേനോന്റേതാണ് (1902). പ്രസ്തുതപഠനം അവലംബിച്ചതായി സ്വാമികൾ തന്റെ ലേഖനങ്ങളി ലൊന്നിൽ സൂചിപ്പിക്കുന്നുണ്ട് (ചട്ടമ്പിസ്വാമികൾ 2016:816). ചട്ടമ്പിസ്വാമി കളുടെ പഠനം എപ്രകാരമാണു വ്യതിരിക്തമാകുന്നത് എന്നന്വേഷിക്കാനാ ണു സ്ഥലനാമപഠനചരിത്രം സംക്ഷിപ്തമായി വിവരിച്ചത്.

**ചട്ടമ്പിസ്വാമികളുടെ സ്ഥലനാമചിന്തകൾ**

വിദേശീയരുടെ ആഗമനത്താൽ തദ്ദേശീയദേശനാമങ്ങളിൽ മാറ്റ ങ്ങൾ വല്ലതും സംഭവിച്ചിട്ടുണ്ടോ എന്നന്വേഷിക്കുകയാണ് ലേഖനോദ്ദേശ്യ മെന്ന് അദ്ദേഹം തുടക്കത്തിൽ വ്യക്തമാക്കുന്നുണ്ട്. നാമങ്ങൾക്കു സംഭവി ക്കുന്ന അർത്ഥഭേദത്തിന് ഉദാഹരണമായി കിഴക്ക്, മേക്ക് എന്നിവയുടെ നിരുക്തി അവതരിപ്പിക്കുന്നു. അർത്ഥത്തിലൂന്നി ചിന്തിക്കുമ്പോൾ മലയാ ളത്തിലെ കിഴക്കു യഥാർത്ഥത്തിൽ പർവതഭാഗമായതുകൊണ്ടു 'മേക്ക്' ആവണമായിരുന്നുവെന്നും സമുദ്രം കിടക്കുന്ന താഴ്ന്നഭാഗം (പടിഞ്ഞാറ്) 'കിഴക്ക്' ആവേണ്ടിയിരുന്നെന്നുമുള്ള യുക്തിയാണ് ഇതിനായി അദ്ദേഹം അവതരിപ്പിക്കുന്നത്.

തമിഴിന്റെ വകഭേദമാണു മലയാളം എന്ന പരികല്പനയെക്കൂടി കൂട്ടുപിടി ച്ചാണ് അദ്ദേഹം ദേശനാമങ്ങളെ സമീപിക്കുന്നത്. തുടർന്നു സംസ്കൃതഭാഷാ പദങ്ങൾ കലർത്തി ദേശനാമങ്ങളെ ദുർവ്യാഖ്യാനംചെയ്യുന്ന പ്രവണതയെ പ്രതിരോധിക്കാനെന്നവണ്ണമാണു ലേഖനമെഴുതുന്നതെന്നുകൂടി ധ്വനിപ്പിക്കു ന്നു. ലേഖനത്തിൽ പലയിടത്തും ഇതിനു നിരത്തിയിരിക്കുന്ന ഉദാഹരണ ങ്ങൾ നിരവധിയാണ്. ശുചീന്ദ്രത്തിന്റെ സംസ്കൃതച്ഛായ്‌വുള്ള നിരുക്തിയെ അപനിർമിക്കുന്നതാണ് അവയിലൊന്ന്. 'ശിവസുന്ദരപുരം' മലയാളമട്ടിൽ ലോപിച്ചും പരിണമിച്ചുണ്ടായ 'ചീവേന്തരം' എന്ന നാമത്തെയാണ് സംസ്കൃ തപണ്ഡിതർ ശിവൻ ശുചിയായ ഇടം എന്ന് അർത്ഥം കല്പിച്ചു ശുചീന്ദ്രമാ ക്കിയതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. അരുവിപ്പാടിനെ (ചെറുതോട്ടുള്ള പ്രദേശം) ഹരിപ്പാടാക്കിയതും കടൽനൻകുളം > കടനംകുളം എന്നതിനെ കഠിനങ്കുളമാക്കിയതും സംസ്കൃതഭ്രമമായാണ് അദ്ദേഹം വായിക്കുന്നത്.

അടുക്കും ചിട്ടയുമില്ലാതെ നിരുക്തിപറഞ്ഞുപോകുന്നതിനുപകരം സ്ഥ ലനാമങ്ങളുടെ ഉത്ഭവം വിശകലനം ചെയ്യുവാനും വർഗീകരണത്തിനു ചില

മാനദണ്ഡങ്ങൾ സ്വീകരിച്ചു എന്നതുമാണു പൂർവപഠനങ്ങളിൽനിന്നു സ്വാമികളുടെ ലേഖനത്തെ വേറിട്ടുനിർത്തുന്നത്. പത്മനാഭമേനോന്റെയും ഗുണ്ടർട്ടു മുതലായവരുടെയും പഠനങ്ങളിൽ സമാനമായ രീതിയുള്ള മാനദണ്ഡം ഏറെയൊന്നും പ്രകടമല്ല. പാശ്ചാത്യലോകത്തുപോലും യുക്ത്യധിഷ്ഠിതവർഗീകരണശ്രമങ്ങൾ പുഷ്കലമാകുന്നത് 1950നു ശേഷമാണെന്നോർക്കണം.

മലയാളത്തിലെ സ്ഥലനാമങ്ങളെ മൂന്നുകാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം തരംതിരിക്കുന്നത്.

1. ഭൂമിയുടെ കിടപ്പും ഗുണവുമനുസരിച്ച്
2. പ്രഭുക്കളുടെ സ്ഥാനമാനസൂചനകളനുസരിച്ച്
3. ക്ഷേത്രദേവനാമങ്ങളെ ആശ്രയിച്ച്

ഭൂമിയുടെ കിടപ്പും ഗുണവും ആശ്രയിക്കുമ്പോഴുണ്ടാകുന്ന വൈഷമ്യങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഭൂരൂപങ്ങളിലും ഭൂസ്ഥിതിയിലും കാലാനുസൃതമായി വന്നുപെടുന്ന മാറ്റങ്ങൾ പലപ്പോഴും അവയുടെ പഴയ നാമങ്ങളോടു പൊരുത്തപ്പെടുന്നതാവണമെന്നില്ല എന്ന നിരീക്ഷണമാണ് അവയിലൊന്ന്. മേല്പറഞ്ഞ തരംതിരിവു സൂചിപ്പിക്കുന്നുണ്ടെങ്കിൽ പോലും ലേഖനത്തിൽ മൂന്നും പ്രത്യേകംപ്രത്യേകം വിശകലനം ചെയ്യുന്നില്ല. അൻപതോളം ദേശനാമങ്ങളിലെ ധാതുക്കളെ ഇഴപിരിച്ചുപരിശോധിക്കാനാണ് മുഖ്യമായി ശ്രമിച്ചത്. ഇതേരീതി തന്നെയാണ് അദ്ദേഹത്തിനുമുൻപുള്ള ഒട്ടുമിക്ക സ്ഥലനാമപഠനങ്ങളിലും സ്വീകരിച്ചുകാണുന്നത്. എന്നാൽ നിരുക്തിക്കും വ്യുത്പാദനത്തിനും ബലമേകാൻ ഭാഷാവിവരങ്ങളെ മാത്രമല്ല, സാമൂഹിക-ചരിത്ര-നാടോടിവിജ്ഞാനീയവിവരങ്ങളെയും ആശ്രയിക്കുന്നതു പൂർവപഠനങ്ങളിൽനിന്നുള്ള വ്യതിരിക്തതയായിക്കാണാം. ഉദാഹരണമായി ചീവേന്തരം എന്ന ദേശനാമത്തിനു തെളിവു നേടുന്നത് തിരുവനന്തപുരത്തിനു തെക്ക് പ്രചാരത്തിലുള്ള താരാട്ടുപാട്ടിലാണ്.

മലയാളത്തിന്റെ ദ്രാവിഡത്വത്തിലാണു ചട്ടമ്പിസ്വാമികളുടെ സ്ഥലനാമവിശകലനം ശ്രദ്ധയൂന്നുന്നതെന്നു പറയാം. കൃത്യമായ മാനദണ്ഡങ്ങൾക്കനുസരിച്ചു ദേശനാമങ്ങളെ വർഗീകരിക്കുന്ന പാശ്ചാത്യമാതൃകകൾ വരുന്നതിനുമുൻപുതന്നെ അവ്വിധമൊരു രീതി ചട്ടമ്പിസ്വാമികൾ മലയാളത്തിൽ കൊണ്ടുവന്നുവെന്നതും പ്രാധാന്യമർഹിക്കുന്നു.

**സ്ഥാനനാമങ്ങൾ**

സ്ഥാനനാമങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്തകളിലും വർഗീകരണശ്രമങ്ങൾ കാണാം. പ്രഭുത്വം, പ്രവൃത്തി എന്നിവയെയാണ് സ്ഥാനനാമങ്ങൾക്കു നിദാനമായ രണ്ടുപ്രധാനകാരണങ്ങളായി അദ്ദേഹം പരിഗണിക്കുന്നത്. ഇവയിൽത്തന്നെ പ്രഭുത്വവുമായി ബന്ധപ്പെട്ട സ്ഥാനനാമങ്ങളാണു ചർച്ചചെയ്യുവയിൽ ഭൂരിഭാഗവും. കട്ടപ്പട്ടൻ, വെളുത്തടവൻ, വിളക്കത്തലവൻ, തുടങ്ങിയ ചുരുക്കം ചിലതേ പ്രവൃത്തിയുമായി ബന്ധപ്പെട്ട സ്ഥാനനാമങ്ങളായി അവതരിപ്പിച്ചിട്ടുള്ളൂ.

സ്ഥലനാമങ്ങളുടെ കാര്യത്തിലെന്നപോലെ സ്ഥാനനാമങ്ങളിലും നിരുക്തിചികയുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നതെങ്കിലും അവയെ സാമൂഹികസന്ദർഭത്തോടും അതതു സ്ഥാനക്കാർക്കുണ്ടായിരുന്ന സാമൂഹികധർമത്തോടും സാന്ദർഭികമായി ബന്ധിപ്പിക്കാൻ ശ്രമിക്കുന്നുമുണ്ട്. കേരളോത്പത്തി, കേരളനാടകം, കേരളമാഹാത്മ്യം തുടങ്ങിയ കൃതികൾ പലയിടത്തും സ്വീകരിച്ച, മിത്തും ഐതിഹ്യവും പുരാവൃത്തവും കെട്ടുകഥകളുമൊക്കെ ആസ്പദമാക്കി സ്ഥാനനാമങ്ങളെ അവതരിപ്പിക്കുന്ന രീതിയെ അയുക്തികമെന്നു കണ്ടു സ്വാമികൾ അപ്പാടെ തള്ളുന്നുണ്ട്. ധാതുവിനെയും അതുൾക്കൊള്ളുന്ന അർത്ഥത്തെയും സൂക്ഷ്മമായി നിരീക്ഷിക്കുകവഴി അദ്ദേഹത്തിന്റെ സ്ഥാനനാമവ്യാഖ്യാനത്തിനു കൂടുതൽ യുക്തിഭദ്രത കൈവരുന്നു. ഭാഷാജ്ഞാനത്തിൽ ഊന്നിനിന്നുകൊണ്ടുതന്നെ പൂർവമതങ്ങളെ ഖണ്ഡിക്കാൻ അദ്ദേഹത്തിനു സാധിക്കുന്നത് അതുകൊണ്ടാണ്. ഉദാഹരണമായി, 'നായർ' എന്ന നാമത്തെ നായാട്ടുശാസ്ത്രവുമായി ബന്ധിപ്പിക്കുന്ന വ്യുത്പാദനത്തെ വ്യാഖ്യാതാവിന്റെ മാത്രം 'കാപോലകല്പിതമായി' അദ്ദേഹം തള്ളിക്കളയുന്നു. പുരാൻ, പിരാൻ എന്നീ വാക്കുകളിലൂന്നി എം+പിരാൻ = എംപിരാൻ >എമ്പ്രാൻ എന്നു വ്യുത്പാദിപ്പിക്കുന്ന അദ്ദേഹം കേരളമാഹാത്മ്യത്തിൽ 'ഹേബ്ര' വിളിയുമായി അതിനെ ബന്ധപ്പെടുത്തിയതിനെ കളിയാക്കുന്നുമുണ്ട്. ഏറാടിയെ ഏറുമായി (കന്ന്) ബന്ധിപ്പിക്കുന്ന പൂർവമതത്തെ ഭാഷാശാസ്ത്ര ഉൾക്കാഴ്ചയോടെയാണ് അദ്ദേഹം വിമർശിക്കുന്നത്. ഇറൈ + അടി = ഏറാടി എന്ന വ്യുത്പാദനത്തിന് അദ്ദേഹത്തിന്റെ ആഴമുള്ള ഭാഷാവബോധം അവലംബമാക്കുന്നത് ഇ>എ എന്ന വർണവിനിമയത്തെക്കൂടിയാണ്.

ഗുരുക്കൾ > കുരുക്കൾ എന്ന മാറ്റം അംഗീകരിക്കാതെ അമ്പലത്തിൽ പൂവു കൊരുക്കുകയോ കുരുക്കുകയോ ചെയ്യുന്നവർ എന്ന അർത്ഥസ്വീകരണത്തിനു പ്രവൃത്തിയെയാണ് അദ്ദേഹം മാനദണ്ഡമാക്കുന്നത്. നേരത്തേ സൂചിപ്പിച്ചതു പോലെ പ്രവൃത്തി, പ്രഭുത്വം എന്നീ അളവുകോലുകളിലൊന്ന് ഓരോ വ്യുത്പാദനത്തിലും കണിശമായി നിലനിർത്തുന്നതു വ്യാഖ്യാനങ്ങളെ യുക്തിസഹവും ശാസ്ത്രീയവുമാക്കിത്തീർക്കുന്നു. ഈ മാനദണ്ഡങ്ങൾക്കു നിരക്കുംവിധത്തിലേ വർണവിനിമയംപോലുള്ള ഭാഷാകാര്യങ്ങളെ അദ്ദേഹം സ്വീകരിക്കുന്നുള്ളൂ. ചുരുക്കത്തിൽ കഥകളെയും പുരാവൃത്തങ്ങളെയും പാടേതള്ളി നാമങ്ങൾക്കുള്ള പൊതുസ്വഭാവവും ഭാഷായുക്തിയും നിരീക്ഷിച്ച് ഉഴിഞ്ഞെടുത്ത അളവുകോലാണ് സ്വാമികളുടെ സ്ഥലനാമവ്യാഖ്യാനങ്ങളെ വ്യതിരിക്തമാക്കുന്നത്.

സാമൂഹികവർഗങ്ങൾ (social class), ഓരോ സാമൂഹികവർഗത്തിന്റെയും പദവികൾ (social status), ധർമങ്ങൾ (functions) എന്നിവയ്ക്കനുസരിച്ച് വർഗനാമങ്ങളെയും സംബോധനാപദങ്ങളെയും പരാമൃഷ്ടപദങ്ങളെയും വ്യാഖ്യാനിക്കുന്ന രീതി പ്രചരിച്ചതു സാമൂഹികഭാഷാശാസ്ത്രത്തിന്റെ വികാസത്തോടുകൂടിയാണ്. ഭാഷാവ്യവഹാരത്തെ സാമൂഹികഘടകങ്ങളുമായി

വിളക്കിച്ചേർത്തു വിശകലനംചെയ്യുക എന്നതാണ സാമൂഹികഭാഷാശാസ്ത്രത്തിന്റെ പൊതുരീതി. അതിന്റെ വർഗീകരണ-വ്യാഖ്യാനരീതികൾ വിവരണാത്മകമെന്നതിനെക്കാൾ വിശകലനാത്മകമാണ്. 1939ൽത്തന്നെ ടി സി ഹഡ്സൻ സാമൂഹികഭാഷാശാസ്ത്രം എന്ന പദം ഉപയോഗിച്ചിരുന്നവെങ്കിലും ഭാഷാപ്രയോഗഭേദങ്ങളിൽ കലർന്നുകിടക്കുന്ന സാമൂഹികഘടകങ്ങളെ അരിച്ചെടുത്തവതരിപ്പിക്കാനുള്ള 60കളിലെ ലബോവിന്റെ ശ്രമങ്ങളാണ സാമൂഹികഭാഷാശാസ്ത്രത്തിന് അടിത്തറയിട്ടത്. അറുപതുകളിലെ ലബോവിയൻസങ്കല്പനങ്ങളിലൂന്നി ഈ വിജ്ഞാനധാരയെ മുന്നോട്ടുകൊണ്ടുപോയതിൽ പ്രധാനികളാണ ബേൺസ്റ്റെയിൻ, സിവർട്ട്, ക്ലോസ്, വോൾഫ്രാം, ഡങ്കൻ, ഗുമ്പേസ് മുതലായവർ (സ്നെൽ:2013). ഈ ഗണത്തിൽപ്പെട്ടവരുടെ സമീപനത്തിന്റെ ചില അടയാളങ്ങൾ സുവ്യക്തമായല്ലെങ്കിൽ പോലും ചട്ടമ്പിസ്വാമികളുടെ സ്ഥാനനാമപഠനങ്ങളിൽ കാണാം. മൂന്നുകാര്യങ്ങൾ കൊണ്ടാണ് അദ്ദേഹത്തിന്റെ പഠനത്തിന് ഈ സാമൂഹികഭാഷാശാസ്ത്രരായ കൈവന്നിരിക്കുന്നത്.

1. പ്രഭുക്കൾ എന്ന സാമൂഹികവർഗത്തെ അദ്ദേഹം സ്ഥാനനാമപഠനത്തിനു തിരഞ്ഞെടുത്തിരിക്കുന്നു.

2. ഈ വർഗം വ്യാപരിച്ചിരുന്ന പ്രവൃത്തികളും അവയുടെ ധർമവും അവരുടെ സാമൂഹികപദവിയും എപ്രകാരമാണ സ്ഥാനനാമങ്ങൾ പ്രതിഫലിപ്പിക്കുന്നതെന്നു പര്യാലോചിക്കുന്നു.

3. നിരുക്തി നിശ്ചയിക്കാൻ ഭാഷാഘടകങ്ങളായി പ്രവർത്തിക്കുന്ന ധാതുക്കളെയും പ്രത്യയങ്ങളെയും വർണമാറ്റപ്രക്രിയകളെയും പദവി, പ്രവൃത്തി എന്നീ സാമൂഹികഘടകങ്ങളുടെകൂടി വെളിച്ചത്തിൽ വിശകലനം ചെയ്യുന്നു.

ഈ പഠനത്തിനായി അവലംബിച്ച സ്വാമികളുടെ രണ്ടുനാമപഠനങ്ങളും സുഘടിതമാണെന്നു കാണാനാകും. ഏതെങ്കിലും നാമങ്ങളെ പെറുക്കിയെടുത്തു കേട്ടറിവിന്റെയോ കെട്ടുകഥയുടെയോ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കാനല്ല അദ്ദേഹം ശ്രമിച്ചത്. രണ്ടുപഠനങ്ങൾക്കും ആദ്യമേ ചില അളവുകോൽ നിശ്ചയിച്ചിരിക്കുന്നു. അവ ഉടനീളം ദീക്ഷിക്കുകയും ചെയ്തിരിക്കുന്നു. ആ അളവുകോലുകളാകട്ടെ സാമൂഹികവും ഭാഷാപരവുമായ വ്യക്തമായ ഉൾക്കാഴ്ചയിൽ മിനുക്കിയെടുത്തതായിരുന്നു താനും. ഇവയെല്ലാം പരിഗണിക്കുമ്പോൾ സ്വാമികളുടെ നാമപഠനസമീപനം അക്കാലത്തു പ്രാമുഖ്യമുണ്ടായിരുന്ന വൈജ്ഞാനികപാരമ്പര്യങ്ങളുടെയും ഭാഷാപഠനപാരമ്പര്യങ്ങളുടെയും കൂട്ടത്തിൽ അനന്യമായി നിലകൊള്ളുന്നു എന്നു വ്യക്തമാകുന്നു.

## സഹായകകൃതികൾ

ചട്ടമ്പിസ്വാമികൾ (2016), കേരളത്തിലെ ദേശനാമങ്ങൾ മഹേശ്വരൻനായർ (എഡി.) ചട്ടമ്പിസ്വാമികൾ ജീവിതവുംകൃതികളും. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ചട്ടമ്പിസ്വാമികൾ (2016), കേരളത്തിലെ സ്ഥാനനാമങ്ങൾ. മഹേശ്വരൻനായർ. കെ. (2016). ചട്ടമ്പിസ്വാമികൾ ജീവിതവുംകൃതികളും. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പ്രബോധചന്ദ്രൻനായർ, വി ആർ (2012). ഭാഷാശാസ്ത്രനിഘണ്ടു. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

മഹേശ്വരൻനായർ (എഡി.) ചട്ടമ്പിസ്വാമികൾ, ജീവിതവും കൃതികളും. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

റോബർട്ട് കാൾഡ്വെൽ. 2014. ദ്രാവിഡഭാഷാവ്യാകരണം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

Agrawala, V S. 1943. India Represented on a Silver Dish from Lanpsacos. Journal of united Provinces Historical Society, Vol. XVI part 2.

Aleksandra V. Urazmetova and Julia Kh. Shamsutdinova. 2017. Principles of Placename Classification. XLinguae, Volume 10, Issue 4.

Bradley, Henry. 1879. English place-names. Sheffield Lit. and Phil. Soc.

Dasu, Mandapati. 2009. A study of place names of Nalgonda district Based on inscriptional data from earliest times to Kakatiyas. Unpublished PhD thesis. Acharya Nagarjuna University. http: //hdl. handle. net/10603/127098.

Ekwall, Eilert. 1936. The concise Oxford dictionary of English place-names. Oxford: OUP.

Gundert, H. 1871. Malayalam and English Dictionary. Mangalore: Basel Mission Book & Tract Company.

MacDonald, Angus, The Place-Names of West Lothian, Oliver & Boyd: Edinburgh 1941.

Padmanabha Menon K. P. 1902. Discussive notes in Malabar and its place Names, IA, VoLXXI, P. 338-49.

Snell, Julia. 2013 'Language and class revisited: The issue of vernacular maintenance. ' Working Papers in Urban Language and Literacies 114. King's College London.